# പ്രവൃത്തിയിൽ വലിയവനും ആലോചനയിൽ ശക്തനും

## എസ്ഥേർ 8:17

**"യഹൂദന്മാരെയുള്ള പേടി ദേശത്തെ ജാതികളിന്മേൽ വീണിരുന്നതുകൊണ്ട് അവർ പലരും യഹൂദന്മാരായി തീർന്നു."**

യഹോവയാം ദൈവത്തിന്റെ പ്രവൃത്തി തന്റെ മക്കളുടെമേൽ എത്ര അതിശയകരമായിട്ടാണ് കാണാൻ കഴിയുന്നത്. ദൈവം പ്രവൃത്തിയിൽ വലിയവനും ആലോചനയിൽ ശക്തനും എന്നാണ് ദൈവവചനം പറയുന്നത്. അഹശ്വേരോശ് രാജാവിന്റെ ഹൃദയത്തിൽ ദൈവം പ്രവൃത്തിക്കാൻ ഇടയായി. യഹൂദജനത്തെ ഒന്നടങ്കം അതിശയിപ്പിക്കുന്ന കാഴ്ചകൾ അവിടെ ഉണ്ടായി.

ഇവിടെ എസ്ഥേർ എന്ന സ്ത്രീരത്നത്തിന്റെ ദൈവത്തിങ്കലുള്ള അടിയുറച്ച ആശ്രയത്തിന്റെയും വിശ്വാസത്തോടെയുമുള്ള പ്രാർത്ഥനയുടെയും ഫലമായി രാജാവിന്റെ ഹൃദയം, ദൈവപ്രവൃത്തി വെളിപ്പെടുത്താൻ ഇടയാക്കി. എത്ര ശ്രേഷ്ഠമായിട്ടാണ് രാജാവ് യഹൂദാജനത്തെ മാനിക്കുകയും, രക്ഷിക്കുകയും ചെയ്യുന്നത്. അതിന് സാക്ഷിനിന്ന ജാതികൾ ദൈവത്തെ ഭയപ്പെട്ടു യഹൂദന്മാരായിത്തീർന്നു എന്നാണല്ലോ നാം വായിച്ചത്.

ഇന്ന് ഒരു ദൈവപൈതലായി ജീവിക്കുമ്പോൾ നമ്മെ നോക്കി ഇങ്ങനെ ഒരു സാക്ഷ്യം പറയാൻ കഴിയുന്നുണ്ടോ എന്ന് ശോധന ചെയ്യാൻ ദൈവവചനം സഹായിക്കട്ടെ. ക്രിസ്തീയ ഗോളം ഇന്ന് നോക്കിയാൽ ക്രിസ്തുവില്ലാതെ ജീവനറ്റ സമൂഹമായിത്തീരുന്നു. ക്രിസ്തുസാക്ഷ്യം വെളിപ്പെടുത്താൻ പരാജയപ്പെടുന്ന അവസ്ഥ. ദൈവത്തിൽ ആശ്രയിച്ചും, വിശ്വസിച്ചും വിശുദ്ധമായ ജീവിതം നയിക്കാൻ തന്റെ മക്കളെക്കുറിച്ച് കർത്താവ് ആഗ്രഹിക്കുന്നു.

എത്ര ചെറിയവനെങ്കിലും ദൈവകൃപ നമ്മെ വലിയവനാക്കുന്നു എന്ന് എസ്ഥേറിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. ജീവിതത്തിനെതിരായി എത്ര വലിയ പ്രതികൂല ശക്തികൾ ആഞ്ഞടിച്ചാലും തക്ക സമയത്ത് അവൻ തന്റെ വ്രതന്മാരെ വിടുവിക്കാൻ മതിയായവനാകുന്നു. കർത്താവിൽ മാത്രം ആശ്രയിച്ചും ബലപ്പെട്ടും ജീവിക്കാൻ ദൈവകൃപക്കായി യാചിക്കാം. അതെ ദൈവിക പ്രവൃത്തികൾ നമ്മുടെ ജീവിതത്തിൽ വെളിപ്പെട്ടു വരുന്നതു കണ്ട് സകലരും ഈ ജീവനുള്ള ദൈവത്തെ മഹത്വീകരിക്കാനും പിൻപറ്റാനും ഇടയാകണം.

ദൈവപ്രവൃത്തി വ്യക്തിയായി, കുടുംബമായി, കൂട്ടായ്മയായി പ്രതിഫലിപ്പിക്കുന്ന അനുഭവത്തിലേക്ക് ഈ നാളുകളിൽ അധികമായി വളരുവാൻ ഇടയാകട്ടെ എന്ന്

പ്രാർത്ഥിക്കാം. രാജാവിന്റെ ഹൃദയത്തെപൊലും മാറ്റിമറിക്കാനും, തന്റെ മക്കൾക്കുവേണ്ടി അനുകൂലമാക്കാനും കർത്ത്യകരങ്ങൾക്കു മാത്രമേ സാധ്യമാകൂ. അതു നമ്മോടു ചേർന്നുനിൽക്കുന്ന സമൂഹം ഭയത്തോടെ നോക്കിക്കണ്ട് ജീവിക്കുന്ന ദൈവത്തിന്റെ സാക്ഷികളായിത്തീരാൻ കർത്താവ് ഇടയാക്കട്ടെ. ദൈവഭയത്തിലും, യഥാർത്ഥമായ ഭക്തിയിലും, വിശ്വാസത്തിലും ജീവിക്കാൻ അവന്റെ കരങ്ങളിൽ സമർപ്പിക്കാം.

പരാമർശം :
ആവർത്തനം 11:25

ഒരു മനുഷ്യനും നിങ്ങളുടെ മുമ്പിൽ നിൽക്കയില്ല; നിങ്ങളുടെ ദൈവമായ യഹോവ നിങ്ങളോടു അരുളിച്ചെയ്തതുപോലെ അവൻ നിങ്ങളെയുള്ള പേടിയും ഭീതിയും നിങ്ങൾ ചെല്ലുന്ന സകലദിക്കിലും വരുത്തും.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 057**